

# ലിറ്റിൽകൈറ്റ് മാഗസിൻ 2020

## ഗാന്ധി സ്മരണിക

# നൂലുപൊട്ടിയ പട്ടങ്ങൾ- 2

## ജി.വി.എച്ച്.എസ്.എസ്.
## വാകേരി

little KITEs

# നൂലുപൊട്ടിയ പട്ടങ്ങൾ-2
## ജിവിഎച്ച്എസ് എസ് വാകേരി

ജിവിഎച്ച്എസ് എസ് വാകേരി ലിറ്റിൽകൈറ്റ് യൂണിറ്റ് ഈ വർഷത്തെ മാഗസിൻ ഗാന്ധിയുടെ സ്മരണയായാണ് പുറത്തിറക്കുന്നത്. മഹാത്മാഗാന്ധിയെ നൂറ്റി അമ്പതാം ജന്മവർഷമായ 2019 ൽ ഗാന്ധിയും ഗാന്ധിയൻ ആശയങ്ങളും ഏറെ വെല്ലുവിളികളും അതിലേറെ ചർച്ചയും ചെയ്യപ്പെടുന്ന ഈ കാലത്ത് കുട്ടികൾ ഗാന്ധിയെ എങ്ങനെ മനസ്സിലാക്കുന്നു എന്ന അന്വേഷണമാണ് ഈ മാഗസിനിലെ പ്രധാന ആശയം. ഒപ്പം ആദിവാസിക്കഥകളും പാട്ടുകളും ചേർത്തിരിക്കുന്നു.

# Table of Contents


സ്വപ്നത്തിൻ കണ്ണട.....2
ഗാന്ധിജിയുടെ കണ്ണട.....3
ഗാന്ധിയുടെ കണ്ണട.....4
കണ്ണടയിലൂടെ.....5
മായാജാല കണ്ണട.....6
കണ്ണട.....7
ഗാന്ധിജിയുടെ കണ്ണട.....8
ഗാന്ധിക്ക് ശേഷം ഇന്ത്യ.....9
ആദിവാസി കഥകൾ.....11
1 മൺപിള്ളദൈവം കഥ.....11
2 കിടാരവും പണവും.....12
3 പരശുകഥ.....12
4 നെടിവിളിയൻ (ഗരുഡൻ കഥ).....13
ആദിവാസിപ്പാട്ടുകൾ.....15
മുള്ളക്കുറുമരുടെ പാട്ടുകൾ.....15
നെല്ല് 1.....15
നെല്ല് 2.....16
പണിയപ്പാട്ടുകൾ 1.....17
പണിയപ്പാട്ടുകൾ 2.....18

**സ്വപ്നത്തിൻ കണ്ണട**

നമ്മൾതൻ ഗാന്ധിക്കുണ്ടൊരു കണ്ണട

വെറുമൊരു കണ്ണടയല്ല, സ്വപ്നംകാണും കണ്ണട

ഇന്ത്യാക്കാർ നമ്മൾ ജീവിക്കും കാലത്തോളം

വേർതിരിവില്ലാ, ഒരൊറ്റക്കെട്ടൊരു സ്വപ്നം

ഒരുജാതി ഒരുമതം കാണുന്ന കണ്ണട

ഒരൊറ്റയിന്ത്യയെന്ന സ്വപ്നം കാണും കണ്ണട.

നിറവേറ്റേണം പുതു തലമുറ

ഗാന്ധിയുടെ ഇന്ത്യയെന്ന സ്വപ്നം

തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ

ഇതിനെല്ലാമൊരു ഉൻമൂലനം

അതാണു ബാപ്പുജിതൻ സ്വപ്നം.

കണ്ണടയിലൂടെന്നും കണ്ട സ്വപ്നം

അറിവു നൽകണം സൗജന്യമായി

ആ സ്വപ്നം നിറവേറ്റി സർക്കാർ

ഒരു നദിയായി ഒന്നിച്ചൊഴുകി

ഭാരതീയർ എത്ര അഭിമാന്യർ

പക്ഷേ, ജാതിമതത്തിൻ പേരിൽ

എത്രകലഹം  എത്ര മരണം

തർക്കമെന്തിന്? അപമാനമാണെനിക്ക്


സ്വപ്നങ്ങളനേകം കണ്ടിരുന്ന ഗാന്ധിജി

ഇന്ത്യക്കാരൊന്നാകുന്ന കാലം

ഗാന്ധിയുടെ സ്വപ്നം സഫലമായിടും.



## ഗാന്ധിജിയുടെ കണ്ണട



ഗാന്ധിജിയുടെ കണ്ണിന്
കാഴ്ച കുറവായിരുന്നാലും
കണ്ണിൽ നിറയുന്ന നന്മമാത്രം
സ്വാതന്ത്ര്യത്തിനായുള്ള
തേരോട്ടം
ജനങ്ങൾക്കായുള്ള പോരാട്ടം
ഗാന്ധിജിയെ
കണ്ണട ചാർത്തി
വരുന്ന ഗാന്ധിജിയെ നാം
രാഷ്ട്രപിതാവ് എന്ന് വിളിക്കുന്നു.
ജനങ്ങൾക്കായുള്ള പോരാട്ടത്തിൽ
ജീവൻ വെടിഞ്ഞാലും
ഗാന്ധിക്ക്
സന്തോഷം, അഭിമാനം
പുഞ്ചിരിതൂകുന്ന ഗാന്ധിയെ
നമ്മുടെ ജീവനായി കാണുമെന്നും
ഗാന്ധിയുടെ കണ്ണിന്
കാഴ്ച കുറഞ്ഞാലും
കൂട്ടിന് ഗാന്ധിക്ക്
എന്നും സ്വന്തം കണ്ണട
കണ്ണട മാത്രം കൂട്ടിന്.

**ഗാന്ധിയുടെ കണ്ണട**

ഭാരതമെന്നൊരു രാജ്യത്തെ

സ്വതന്ത്രമാക്കി യൊരപ്പൂപ്പൻ

നമ്മുടെ നാടിൻ നന്മക്കായി

സ്വപ്നം കാണും അപ്പൂപ്പൻ

കണ്ണട വയ്ക്കും അപ്പൂപ്പൻ

മുണ്ട് പുതക്കും അപ്പൂപ്പൻ

മൊട്ടത്തലയൻ അപ്പൂപ്പൻ

അതാണ ഗാന്ധിജി അപ്പൂപ്പൻ

വടിയും കുത്തി നടന്നീടും

പാൽ പോലുള്ളൊരു പുഞ്ചിരിയാ

അറിവു തുളുമ്പും നിറകുടമാ

അതാണ ഗാന്ധി അപ്പൂപ്പൻ

നമ്മുടെ നാടിൻ നന്മയ്ക്കായി

ജീവൻ വെടിയും നേരത്തും

ഒരു കണ്ണീർക്കണംപോലും

പൊഴിക്കാതെ നമ്മൾക്കായി പ്രാർത്ഥിച്ചു.





**കണ്ണടയിലൂടെ**

നേരിന്റെ പാതയെ കാട്ടിയ കണ്ണട

നേർവഴി മുന്നിൽ തെളിയിച്ചൊരാ കണ്ണട

നന്മയും തിന്മയും നേരിട്ടറിയുവാൻ

പോരാളിയായൊരാ പൊൻകണ്ണട

നേരിന്റെ പാതയെ കാട്ടീടുവാൻ

മാനവരാശിക്ക് തോഴനായി

ചതിയുടെ ചുരിളുകൾ നീക്കി മനസ്സിന്റെ

മറനീക്കി മർത്യന മാർഗ്ഗമേകി

കണ്ണട കണ്ണുകൾ കാട്ടിയ മാർഗ്ഗെ

നടന്നു നാം നീങ്ങീടുമ്പോൾ

കാൽ തെറ്റി വീഴാതെ കൈപിടിച്ചങ്ങ്

നേർ വഴികാട്ടിയ മാർഗ്ഗദീപം

ഹിംസയെ മാറ്റി അഹിംസക്കു

പിന്നാലെ പായുവാൻ ചെന്നൊരശ്വമേധം

ഇന്നത്തെ ഇന്ത്യയാക്കി മാറ്റിയ പൊൻതിളക്കം.

**മായാജാല കണ്ണട**

എന്റെ ഗാന്ധിജിയുടെ കണ്ണട

വെറും കണ്ണടയല്ല.

അതിലൊരു മായാജാലമുണ്ട്.

സത്യത്തിന്റേയും

അഹിംസയുടേയും

മായാജാലം.

സ്വാതന്ത്ര്യത്തിന്റേയും

സ്നേഹത്തിന്റേയും

മായാജാലം

എന്റെ ഗാന്ധിജിയുടെ കണ്ണടയിൽ

ഒരു സ്നേഹമുണ്ട്.

അത്,

രാജ്യത്തോടും

ജനങ്ങളോടുമുള്ള സ്നേഹമാണ്.

എന്റെ ഗാന്ധിജിയുടെ കണ്ണടയിൽ

ജനങ്ങൾ

സ്നേഹത്തോടെ കൊടുത്ത

സ്നേഹവുമുണ്ട്.

**കണ്ണട**

വരും സമരം

നമുക്ക്

ഒന്നിച്ച് നേരിടാം

സമരം

നമുക്ക് പാഠംപോലെ

ബ്രിട്ടനെതിരെ

പോരാടിയ

ഗാന്ധിജിയെപ്പോലെ

നേരിടും.

ഞങ്ങൾ,

കണ്ണടകൊണ്ട്

നേരിനെ കാണും

കണ്ണട

ഗാന്ധിജിയുടേതാണെങ്കിൽ

ഈ ലോകം

ആകാശം

വിണ്ണ്

പ്രപഞ്ചം

നിലനിൽക്കും

കണ്ണടയിലൂടെയാണ്

ഗാന്ധിജി

ഇതൊക്കെ കണ്ടത്,

ഗാന്ധിയുടെ കണ്ണട

വട്ടക്കണ്ണട

**ഗാന്ധിജിയുടെ കണ്ണട**

നോക്കുവിൻ ജനങ്ങളേ

അഹിംസതൻ പ്രതീകമേ

നോക്കുവിൻ ജനങ്ങളേ

നിരായുധനാം ഗാന്ധിയെ

തുടരുവിൻ ജനങ്ങളേ

നൻമതൻ പാതയിൽ

ആരിവൻ  ആരിവൻ

കണ്ണടയിലൂടെ സ്നേഹവും

ത്യാഗവും കണ്ടവൻ

അസ്വാതന്ത്ര്യമെന്ന ഭീതിയെ

അനുഭൂതിയാക്കി മാറ്റിയവൻ

മാതൃരാജ്യസ്നേഹവും

പിറന്ന മണ്ണിൻ കരുത്തും

നെഞ്ചിലേറ്റി യാത്രയായി

ജനങ്ങളുടെ സ്വപ്നമായ്

ഗാന്ധിയിന്നുവെറും ഓർമ്മയല്ല

ധീരതയുടെ പ്രതീകമാണവൻ.

## ഗാന്ധിക്ക് ശേഷം ഇന്ത്യ

ഇന്ത്യ ചരിത്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു, കാലവും. കുറച്ചു വർഷങ്ങൾക്കു മുമ്പത്തെ ഇന്ത്യയെക്കുറിച്ചോർത്താൽ നമുക്കോരോരുത്തർക്കും ഞരമ്പുകളിൽ ചോരതിളയ്ക്കും. അന്നത്തെ ഇന്ത്യ നമുക്ക് ഓരോരുത്തർക്കും എത്ര പതിറ്റാണ്ട് കഴിഞ്ഞാലും മറക്കാനാവാത്തതാണ്.

നിരവധി പടനായകൻമാർ ഉണ്ടായിരുന്നു നമ്മുടെ ഇന്ത്യക്ക് കാവലാളായി. അന്ന് നമ്മുടെ ഇന്ത്യ ശാന്തിയുടേയും സമാധാനത്തിന്റേയും ഒത്തൊരുമയുടെയും രാജ്യമായിരുന്നു. ആരുംതന്നെ അവനുവേണ്ടി ജീവിച്ചിരുന്നില്ല. എല്ലാവരും അവരുടെ ജീവിതം രാജ്യത്തിനു വേണ്ടിയാണ് എന്ന് വിശ്വസിച്ചിരുന്നു. അന്നത്തെ മറക്കാനാവാത്ത ഒരുപാട നായകനാണ് ഗാന്ധിജി. അദ്ദേഹം ഒരിക്കലും തന്റെ സുഖസൗകര്യത്തിനു വേണ്ടിയോ തന്റെ നന്മയ്ക്കുവേണ്ടിയോ പ്രവർത്തിച്ചില്ല . അദ്ദേഹത്തിൻറെ ജീവിതം ഇന്ത്യയിലെ ജനങ്ങൾക്കുവേണ്ടി മാറ്റിവച്ചിരുന്നു.

അദ്ദേഹം നിരവധി സമരങ്ങളിലൂടെയും വളരെയധികം ത്യാഗം സഹിച്ചും നമ്മുടെ ഇന്ത്യക്ക് സ്വാതന്ത്ര്യം എന്ന പൊൻതൂവൽ സമ്മാനിച്ചു. അദ്ദേഹം ഹിംസയെ എതിർക്കുന്ന ഒരു വ്യക്തിയാണ്. അഹിംസയാണ് ഗാന്ധിജിയുടെ സമരമുഖവും ജീവിതവും . അദ്ദേഹം സ്വാതന്ത്ര്യത്തിനുവേണ്ടി ജയിലിൽ കിടന്നിട്ടുണ്ട് മറ്റുള്ളവർക്കുവേണ്ടി തന്റെ സുഖസൗകര്യങ്ങളും ത്യജിച്ചിട്ടുണ്ട്.

ഇന്നത്തെ ഇന്ത്യയെ കുറിച്ച് ഓർക്കുമ്പോൾ തന്നെ എനിക്ക് ലജ്ജ തോന്നുന്നു, ഓടിയൊളിക്കാൻ തോന്നുന്നു. നാം വളരെയധികം മാറിയിരിക്കുന്നു ഒപ്പം നമ്മുടെ ഇന്ത്യയും. ഇന്ന് ഓരോരുത്തരും ഇന്ത്യ ഭരിക്കുന്നത് അഴിമതിയുടേയും ഹിംസയുടെയും മാർഗ്ഗത്തിലാണ് . എല്ലാവരും സ്വന്തം സുഖത്തിനു വേണ്ടി ജീവിതം മാറ്റി വച്ചിരിക്കുന്നു. ഇന്നാർക്കും സഹജീവിസ്നേഹമോ മനുഷ്യത്വമോ ഇല്ല. പണം എന്ന ഒറ്റ ചിന്തയിലാണ് ജീവിക്കുന്നത് പണമാണ് വലുത് പണം പണം എന്ന ഒറ്റ ചിന്തയിലാണ് ഈ കാലത്ത് എല്ലാവരും ജീവിക്കുന്നത്. ഇന്നത്തെ മനുഷ്യൻ വിചാരിക്കുന്നു പണമാണ് വലുത്.

പണമുണ്ടെങ്കിലേ നിനനിൽപ്പുള്ളൂ എന്നൊക്കെ. ഇക്കാലത്ത് ആർക്കെങ്കിലും സംഭവിച്ചാൽ തിരിഞ്ഞു നോക്കുക പോലും ചെയ്യാറില്ല . ദിനംപ്രതി എല്ലാവരും പണത്തിനും സുഖത്തിനുംവേണ്ടി പായുകയാണ്.

പണം കിട്ടുമെന്ന് അറിഞ്ഞാൽ എന്ത് വൃത്തികെട്ട പണിക്കും ഇന്ത്യക്കാർ കൂട്ടുനിൽക്കും. ഇന്നത്തെ മനുഷ്യർ അവരുടെ സുഖത്തിനുവേണ്ടി പിഞ്ചോമനകളെ പിച്ചിച്ചീന്തി തെരുവിലെറിയുന്നു.പിഞ്ചുകുട്ടികളെ വേരിലേ ഇന്നത്തെ മനുഷ്യൻ പിഴുതെറിയുകയാണ്. പിഞ്ചു കുട്ടികളെ ഭിക്ഷാടനത്തിനു വേണ്ടി തെരുവീഥികളിൽ ഇരുത്തും. അതിലൂടെ അവർ പണം സമ്പാദിക്കും. ഇതുപോലെയാണ് ഇന്ത്യയുടെ പോക്കെങ്കിൽ ഇനി ഒരു തലമുറ തന്നെ ചിലപ്പോൾ നമ്മൾക്കുണ്ടാകില്ല. ഇന്ത്യയെന്ന രാീജ്യം അഴിമതിയുടെയും കാപാലികരുടെയും നാടായി മാറിയിരിക്കുന്നു.

തിരക്കേറിയ നമ്മുടെ ജീവിതത്തിൽ നാം ഒന്നോർക്കുക നിരവധി ധീരജവാന്മാരുടെയും സമരനായകൻ മാരുടെയും ശരീരം ഉറങ്ങുന്ന മണ്ണാണ് ഇന്ത്യ. അവരുടെ നെഞ്ചത്ത് ചവിട്ടി നിന്നുകൊണ്ടാണ് നാം ഈ അക്രമങ്ങൾ കാണിക്കുന്നത്. നമ്മുടെ ഇന്ത്യയെ നന്മയുടെയും സമാധാനത്തിന്റേയും സഹജീവി സ്നേഹത്തിന്റേയുംനാടാക്കുക എന്നതായിരിക്കട്ടെ നമ്മുടെ ജീവിത ലക്ഷ്യം. നമ്മുടെ ഓരോ പ്രവർത്തനവും തീർച്ചയായും ആ ലക്ഷ്യത്തിന് വേണ്ടിയായിരിക്കട്ടെ.



## ആദിവാസി കഥകൾ

കാണിക്കാരുടെ ഇടയിൽ പലവിധത്തിലുള്ള പഴങ്കഥകൾ നിലവിലുണ്ട്. ഇത്തരം കഥകളിലെല്ലാം ഇവർ അടിയുറച്ച് വിശ്വസിക്കുന്നു. കാണിക്കാരിൽ പ്രായംചെന്ന സ്ത്രീകളാണ് കഥകൾ പറയുന്നതിൽ താല്പര്യം കാണിക്കാറ്. കൊച്ചുകുട്ടികൾക്കു ഇക്കാലത്തും പ്രായമായവർ കഥകൾ പറഞ്ഞുകൊടുക്കാറുണ്ട്. രസകരമായ രീതിയിൽ എഴുത്തും വായനയുമറിയാത്ത മുത്തശ്ശിമാർ കഥപറഞ്ഞുകൊടുക്കുന്നതു കേൾക്കാൻ രസമാണ്. ഈ ഗോത്രത്തിനുപുറത്തുള്ളവർക്ക് ഇവരുടെ ഭാഷ മനസിലാവണമെന്നില്ല. തമിഴും മലയാളവും ഇടകലർത്തി നീട്ടിയും കുറുക്കിയുമുള്ള ഇവരുടെ സംസാരം മനസ്സിലാക്കാൻ മറ്റുള്ളവർക്കു പ്രയാസമാണ്. ഇവരുടെ കഥകളോരോന്നും ജീവിതവുമായി ബന്ധപ്പെട്ടതാണ്. പുറംലോകത്തിന് അറിയാത്ത അനവധികഥകൾ ഇവർക്കിടയിലുണ്ട്.

മൺപിള്ളദൈവം, കുഞ്ഞനിയൻകഥ, കിടാരവും പണവും, നെടുവിളിയൻ (ഗരുഡൻ)കഥ, പരശുകഥ തുടങ്ങിയവയാണ് പ്രധാന കഥകൾ

### 1 മൺപിള്ളദൈവം കഥ

ഒരു കാണി മുത്തിക്കു ജനിച്ചവനാണ് മൺപിള്ള എന്ന പേരിൽ അറിയപ്പെടുന്ന ഈ പുത്രൻ. ഈ കുഞ്ഞു പിറന്നതുമുതൽ ആ കുടുംബത്തിന് ഐശ്വര്യത്തിൻറെ ദിനങ്ങളായിരുന്നു. ഇന്നുകീണുന്നവനല്ല നാളെ കാണുന്നത്. ആ വിധത്തിലായിരുന്നു അവൻറെ വളർച്ച. ദൈവാവതാരമുള്ള ഈ കുട്ടി അവൻറെ മൂത്ത നാലു ചേട്ടൻ മാരെക്കാളും സമർത്ഥനായിരുന്നു. ഒരിക്കൽ അഞ്ചു പുത്രൻമാരും ഒരുമിച്ച് ഒരു പാറമടയിൽ നിന്നുകൊണ്ട് കുളിക്കുകയായിരുന്നു. പിടിച്ചാൽ പിടിമുറ്റാത്ത, കയറിയാൽ ഇറങ്ങാൻ കഴിയാത്ത പാറയുടെ ചുവട്ടിലാണ് ഇവർ കുളിച്ചിരുന്നത്.

ഈ അഞ്ചു സഹോദരരൻമാരും വെറുതെ രസത്തിനായി പാറയിൽ കയറി. പാറയുടെ പകുതി കയറിയശേഷം മൺപിള്ള ഒഴികെയുള്ളവർ ഇറങ്ങിപ്പോന്നു. മൺ പിള്ള പാറയുടെ മുകളിൽക്കയറി മറഞ്ഞു. സഹോദരങ്ഹൾ അവനെ കാണാതെ വെമ്പൽകൊണ്ടു. അപ്പോൾ പാറയുടെ ഒരു വശത്ത് മൺപിള്ളയുടെ ഒരു കൈ കാണുന്നു. അപ്പോൾ ചേട്ടൻമാർ അവനെ വിളിച്ചു. എന്നാൽ അവനെ പൂർണ്ണമായി കാണാൻ കഴിയുന്നില്ല. ചേട്ടൻമാർ അവെയോാര്ത്തു ദുഃഖിച്ചു. അപ്പോൾ മൺപിള്ളയുടെ ശബ്ദം പാറമടയിൽനിന്നും കേൾക്കായി. നിങ്ങൾക്ക് എന്നെ പൂർണ്ണമായി കാണാൻ കഴിയില്ല, കാണണമെന്ന് ആഗ്രഹിക്കുന്നവർ എന്നെ മനസിൽ ധ്യാനിച്ച് പന്ത്രണ്ടു വർ ഷത്തിലൊരിക്കൽ പടുക്ക സമർപ്പിച്ചാൽ മതി. അതും കൈകാണുമ്പോൾ ഉടൽ കാണികക്ാൻ കഴിയില്ല, അങ്ങനെ ശരീരത്തിൻറെ ഓരോ ഭാഗംമാത്രമേ കാണാൻ കഴിയൂ. ഈ ആചാരത്തിൽ ഇന്നുപം ചില കാണിക്കാർ വിശ്വസിക്കുന്നു.

## 2 കിടാരവും പണവും.

കാണിക്കാർ വിശ്വസിക്കുന്ന പുരാതന കഥയാണിത്. പണ്ടുകാലത്ത് നമ്മുടെ രാജ്യത്തു ദാരിദ്ര്യം ഉണ്ടഡായിരുന്നില്ല. ഇന്നത്തെപ്പോലെ ജനങ്ങൾ ഒന്നിനും ബുദ്ധിമുട്ടുന്നുണ്ടായിരുന്നില്ല. സ്വർണ്ണവും പണവും ആർക്കും വേണ്ടാത്ത കാലമായിരുന്നു അത്. സ്വർണ്ണവും പണവും ഉരുളിയിലും കിടാരങ്ഹളിലും മറ്റും നിക്ഷേപിച്ച് കുഴിച്ചുമൂടുമായിരുന്നു. കുഴിച്ചുമൂടുന്ന ഇടം ഭദ്രമായി സൂക്ഷിച്ചരുന്നു. കാലം കടന്നുപോകുമ്പോൾ കുഴിച്ചിടുന്നവർ ഇത് എടുക്കാൻ മറന്നുപോകും. കാരണം ഇന്നത്തെപ്പോലെ സ്വർണ്ണത്തിനും പണത്തിനും പ്രാധാന്യം ഉണ്ടായിരുന്നില്ല. .

എന്നാൽ സ്വർണ്ണം ഐശ്വര്യത്തിൻറെ പ്രതീകമാണ്, മഹാലക്ഷ്മിയാണ്. അതിനാൽ അതിനെ കാത്തുസൂക്ഷിക്കാൻ മലദൈവങ്ങൾ കാവൽനിൽക്കും. സമയമാകുമ്പോൾ അത് എത്തേണ്ടടത്ത് എത്തിക്കും. ഒരിക്കൽ ഒരു ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ കാണിക്കാർ കുഴിച്ചിട്ടിരുന്ന സ്വർണ്ണവും പണവുമെല്ലാം ഒഴുകി പത്മനാഭസ്വാമി ക്ഷേത്രത്തിൽ (പാൽക്കടൽ) എത്തിയത്രേ. ഇന്നും ഉരുൾപൊട്ടൽ, ഭൂമികുലുക്കം ഇതെല്ലാം ഉണ്ടാകുന്നത് ഈ കിടാരവും പണവും പത്മനാഭസ്വാമി ക്ഷേത്രത്തിൽ എത്തിക്കാൻ വേണ്ടിയാണ്. ഈ വിശ്വാസം കാണിക്കാർ ഇന്നും പുലർത്തുന്നു.

## 3 പരശുകഥ

പണ്ട് പരശു എന്ന കാണിയരയന് രങ്കൻ, രമണ്ൻ, അയ്യപ്പൻ എന്നീ മൂന്ന് പുത്രൻ മാർ ഉണ്ടായിരുന്നു. രാത്രികാലങ്ങളിൽ ഗ്രാമപ്രദേശങ്ങലിൽ രാപ്പാട്ട് പാടി വീടുകളിൽ നിന്നും കിട്ടുന്ന രൂപയും ധാ3 ന്യങ്ങളുംകൊണ്ടായിരുന്നു അവർ ഉപജീവനം നടത്തിയിരുന്നത്. ഉടുക്കും പറയും കൊട്ടി ഈണത്തിൽ ഇവർ പാടും.

ഇന്തിരോടും പള്ളി
ഇരിന്ടാർ കുള പള്ളി
നാരായണ പള്ളി നാന്മുഖനെ
ദീനവും ദുരിതവും തീരുവാനെന്നും.
ഉപ്പോടെ മുളകോടെ
വാരിതാ മാതാവെ
ചുക്കും ചൊറിയും മാറുമേ മാതാവെ

ഇങ്ങനെ രാത്രിയിൽ ഭ്രമിപ്പിക്കുന്ന ഈണം കേൾക്കുമ്പോൾ ഗ്രാമവാസികൾ ഇവർക്ക് രൂപയും ധാന്യങ്ങളും കൊടുക്കും. ഇവരിൽ നന്നായി പാടുന്നത് ഇളയ മകനായ അയ്യപ്പനാണ്. ഈണത്തിലും താളത്തിലും പാട്ടുപാടി രാവിനെ സ്വർഗ്ഗമാക്കി മാറ്റുന്ന വിധത്തിലാണ് അയ്യപ്പൻ പാടുന്നത്. ഗ്രാമവാസികൾക്ക് അയ്യപ്പനോടാണ് കൂടുതൽ

താൽപര്യം ഉള്ളത്. ഇതിൽ അസൂയാലക്കളായ ചേട്ടൻമാരുടെ മനസിൽ പകയുടെ നാമ്പ് വളരാൻ തുടങ്ങി. ഓരോ ദിനങ്ങ്ഹൾ കഴിയുന്തോറും അവർ അയ്യപ്പനെ വെറുത്തുകൊണ്ടിരുന്നു. എന്നാൽ ഇതൊന്നും പാവമായ അയ്യപ്പനും അച്ഛനും അറിഞ്ഞിരുന്നില്ല. ഗ്രാമവാസികൾ തങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെങ്കിൽ അയ്യപ്പൻ ഇല്ലാതാകണമെന്ന് ചേട്ടൻമാർ ഗൂഡാലോചന നടത്തി. അയ്യപ്പനെ കൊല്ലാനായി അവർ വഴിയോരത്ത് ഒരു കുഴിയുണ്ടാക്കുകയും അതിൽ് ഇരുമ്പാണി കുത്തനെ നിർത്തുകയും ചെയ്തു. അന്നും പതിവുപോലെ ഇവ് രാപ്പാട്ട പാടി മടങ്ങി കുഴിയുടെ അടുത്തെത്തിയപ്പോൾ ചേട്ടൻമാർ ചൂട്ട് അണച്ചുകളഞ്ഞു. ആദ്യം കുഴിയിൽ വീണത് അച്ചനായിരുന്നു. അച്ഛനെ പിടിക്കാൻ ശ്രമിച്ച അയ്യപ്പനും കുഴിയിൽ വീണ് മരിച്ചു. രങ്കനും രമണനും മുമ്പോട്ട് നടന്നു. എന്നാൽ മലദേവൻ ശക്തിയാർജിച്ചു. മൂർ ഖൻപാമ്പ് ഇവരെ കൊത്തി വീഴ്ത്തി. മരണ ഭീതിയോടെ രങ്കനും രമണനും പിടയുമ്പോൾ അടുത്തുള്ള മരത്തിലിരുന്ന് പരശുവിൻറേയും അയ്യപ്പൻറേയും ആത്മാക്കൾ ചോദിച്ചു കുഴി വെട്ടിയോടാ. ഇന്നും രാത്രി കാലങ്ങ്ഹളിൽ ഈ പക്ഷിയുടെ ശബ്ദം കേളഅക്കാറുണ്ട്.

### 4 നെടിവിളിയൻ (ഗരുഡൻ കഥ)

ഒരിടത്ത് രണ്ട് അരയമക്കൾ ഉണ്ടായിരുന്നു. ഇവർക്ക് ഇരുവർക്കുംകൂടി ഒരു ഭാര്യയാണ് ഉണ്ടായിരുന്നത്. ഇതിൽ മൂത്തയാൾക്ക് അനുജനോട് വെറുപ്പായിരുന്നു. ഒരിക്കൽ നായാട്ടിനായി രണ്ട് അരയമക്കളുംകൂടി കാട്ടിലേക്കു പോയി.

അവർ കാട്ടിൽ അലഞ്ഞുനടക്കുമ്പോൾ ഒരു പടുകൂറ്റൻ ആഞ്ഞിലിമരം കണ്ടു. ചക്ക പഴുത്തു കിടക്കുന്നതു കണ്ടപ്പോൾ കാട്ടുകമ്പ് വെട്ടി ഏണിപോലെ വെച്ചുകെട്ടി മരത്തിൽ ചാരിവെച്ച് കയറി. വലിയ പഴങ്ങളുള്ള കമ്പിൽ ചേട്ടൻ കയറി. ചെറിയ പഴങ്ങ്ഹളുള്ള കമ്പിൽ അനുജനും കയറി. പഴങ്ങൾ തിന്നു വയറുനിറഞ്ഞ്പ്പോൾ ചേട്ടൻ ഇറങ്ങി ഏണി എടുത്തു മാറ്റുകയും ചെയ്തു. അനുജൻ ഇറങ്ങാൻ നോക്കുമ്പോൾ ഏണി കാണുന്നില്ല. പിടിച്ചാൽ പിടിപറ്റാത്ത മരത്തിൽനിന്ന് ഇറങ്ങാൻ കഴിയാതെ അനുജൻ ചേട്ടച്ചാ നീ എന്നെ പറ്റിച്ചോ എന്ന് വിളിച്ചു കരഞ്ഞു. ഈ കരച്ചിൽ കേട്ട് ദയാലുക്കളായ പക്ഷികൾ പറന്നുവന്ന് അവരുടെ ചിറകിൽനിന്നും ഓരോ തുവൽ കൊടുത്തു. അരയമകൻ തുവലുകൾ ആഞ്ഞിൽക്കറകൊമ്ട് ശരീരത്തിൽ വച്ചു പിടിപ്പിച്ചു. അങ്ങനെ പറന്നു പോകുകയും ചെയ്തു.

ഇന്ന് ഗരുഡൻ എന്ന പക്ഷി കാണിക്കാരൻ ആണെന്നാണ് മലയമക്കൾ വിശ്വസിക്കുന്നത്. ഇന്നും വനാന്തരങ്ങ്ഹളിൽ മുഴങ്ങിക്കേൾക്കുന്ന ഗരുഡൻറെ ശബ്ദം വളരെ പ്രാധാന്യമുള്ളതാണ് ഈ ശബ്ദം കേൾ്കുമ്പോൾ കിടന്നുറങ്ങുന്ന ആളുകൾ ചരിഞ്ഞുകിടക്കാറുണ്ട്. കുഞ്ഞുങ്ങളെ ആളുകൾ ചരിച്ചുകിടത്താറുണ്ട്. ഈ പക്ഷി വിളിക്കുമ്പോൾ മലർന്നു കിടക്കാൻ പാടില്ല. നെഞ്ചുവേദന ഉണ്ടാകുമെന്ന് കാണിക്കാർ വിശ്വസിക്കുന്നു.

അട്ടപ്പാടി കുറുമ്പ കതൈ

പൻറ്യണ്ണ കാടുകെത്ത് കാത് കുള്ളണ്ണാന മെല്ലെ മെല്ലെ കല്ലുരുട്ടി നടക്കത്. കാട്ട് വല എടുക്കുവാനൊട്ട സെല്ലട്ടൊ. നാഗന് തൊടുതി കാട് കെത്ത്റേ. പൻറികാടു പണി എടുക്കാത്. കാടുക്ക് പൊയി കാടൊട്ട്ക്ക് റായി വെതക്കാത്. പൻറ്യണ്ണ കെത്താ വേലെ കെത്തിവന്ത കാളറായി പിട്ട് കാങ്കെ സൊപ്പ. കുള്ളണ്ണാനക്ക് പരിപ്പുസാറ് അരിസോറു കല്ലുരുക്കി വരുവാന്ക്ക്. കാട് കെത്തിതീന്ത് തണ്ണ്യാടി പോന രണ്ടാള് നീരാടിപ്പോയി ഒൻറാൾക ഉരാലെ നെക്കെട്ടിന ഉരാലിനെ കെട്ടി മട്ടക്ക് ഇറാങ്കിന വസത്തെ. കുള്ളണ്ണ ഏട്ടി ഏറിനാൻ. ഏട്ടി ഏറീന്തായി ആളിനെ ക്കൂട്ടി വന്തെ. കറി അമത്ത് ഊതക്ക് വരു കാട്ടി കുള്ളണ്ണ സൊല്ലി വരാത്. ബാലെ ബാലെ വെയിലെ പാത്ത് വാ കുള്ളണ്ണ കറിനെ നൊമ്പി വാ.

മുഡുഗ കതെ

ഒരു അവ്വോക്ക് എട്ട് മക്ക കളര്. അതില് ഏള് അണ്ണലാമാതങ്കേവ് കാടുക്ക് ഫോനാര്. അന്ത്യേ മാവ ഫകക്ക് ഫോനാര്. തിങ്കാങ്ക് തിത്ത് തണ്ണി കുടിത്ത് വന്താര്. പിന്നെ കാടുക്ക് ഫോയിര്. ഞതെങ്കെ വന്ത് മാവ ഫക കേട്ടോ. അക്കളെ അന്യേല അണ്ണനിക്ക് അങ്ങിനെ വെത്ത്ത് എമ്മ തൊട്ട നശിപ്പിനേര്. എന്ന് ശൊന്നാര്.

ഫിന്നെ മാവറ ഫകക്ക് താങ്കേകെ ഫോന ഫോയി മാവ ഫാകട്ടി ഐ മരമണ്ടെലി ഇരിക്കാലെ. അപ്പ അതിലി തങ്കത്രു് ഇര്ത്രാ. ഫഗാ അലഗഗെ ഇല്ലെ. ഐ മരത്തില് ഒര് ഫാമ്പ് ഇരിന്താറ്. അത്നാ കേട്ടോ അക്കളെ ഫാമ്പ് നീ എനാക്ക് എച്ചെ ആവൊ. എന്ത് ശൊല്ലിത്ത്. അക്കളെ അവ ഒരു  ഫെണ്ട് അറോന്ത. അക്കളെ ഫാമ്പ് ശരി എന്ത് ഫഗാ കൊട്ടുശി കൊടുത്തിത്.

ഫിന്നെ ക്കുരെക്കെ വന്ത് ഊറാങ്കിനാ. അത്രാലി താനെ ഫാമ്പ് അവളുക്കെ വത്രു്. വത്രു് ഫാമ്പ് ശ്രുരതി എട്ത്ത് ഫോത്ത്. അളെ ല്യ ശടാങ്കരമ മട്ടക്കി എക്കിനാ. ഫാമ്പ് ഫത്രി കറി എടുരത് ബത്രു് കൊടുത്ത്. ഐ നേരത്ത തീറ്റി അതാത്ത് അവ്വെഗെ ഒരു മാസകളി കാട്ടി അവ ബെറ് ആനാ. എന്ത്ത്ത് ആളെനച്ച അരുമാസക്ക് വരമാട്ടെ എന്ത് ശൊല്ലി ഫോട് ശാപാരിക്ക ഫോനാ.

അക്കളെ അവനൊ അവളുത് എളു അണ്ണാലാ ഫോയി കെട്ടി ബത്രാറ്. അവ അണ്ണലാ കരെലി നൂറ് മുട്ടെ എടുത്താ. അവളുത് തൊണ്ണ നൂറ്റമ്പത് മൂട്ടനാ അണ്ണാലാ ബർത്ത് എക്കിനാര്. ഒരു മുട്ടെ എവ്വേക്കോ ഫറന്ത് ഫോത്താ. ഫോയി ഒരു കല്ലുകളെ ഫുക്കത്ത്.

ആറുമാസ കളിത്രു്. ഫാമ്പ് വന്ത് അളെന്ന വന്ത് ഫാത്ത്ത്. അക്കളെ തന്ന ഫെണ്ട് കാണെ. അക്കളെ ഫാമ്പ് തന്ന് മച്ചാലെകരക്കെ ഫോക്ക◌് ഫോയിക്കേക്കാട്ടി അവണാ ആളാനാച്ചോനാ ഉങ്ക്യവിട്ട് തണ്ണിക്ക് ഫോനാ. അക്കളെ അണ്ണാല ആളെക്ക് വിറെയെട്ടി തീ കത്തിഗി ആളെനെ കൊന്താര്. ഫിന്നെ അവ ആളെ ശത്ത ആളിലി താത്തെ താന്ന് സത്ത.

ഫിന്നെ ഫരാത് ഫോനാ മൂട്ടെ ഫൊരിത്തത്, എന്ത്ത്ത് ബളാന്ത് തന്ന് മാമ്മലാനെ ഫോയി ഫളിക്കേത്ത്ത്ത്. തണത് അവ്വെ അഫനാ ബോട്ട് എന്ത് കേക്ക്ത്.

കോകാട്ടി മാലില അവൾ ബേട്ടെക്ക് ഫോനാര് എന്ത്. ഒളിശി ബെത്ത് കൊണ്ട് ശൊന്നാര്. ഫിന്നെ ഒരു മാസക്കളിന്ത ഫിന്നെവ് ബെത്ത്ത്. അക്കളെ അവര് ഇര്ന്താര് ഫാമ്പ്ന്ന എന്ന് ഇര്ന്താര്.

ഫിന്നെ ഫാമ്പ് അയ് ബെട്ടിക്ക് നറ് മാമലേനമ് കൊന്നത്യ കടെച്ചി മാമന ഒരു ഉമ്പ് കിടക്കാതെ ഒരാടി ശിത്ത്. അയ് മാമ മകന്ന ഫാമ്പ്ക്ക് കൊടുക്കേ എന്ന് ശൊല്ലിത്ത്. ഫിന്നെ എല്ലാ ശൊത്തന്നമാവാ ഫാമ്പ് കൊടുത്ത്. മാമന്ത കണെക്ക കനെ ബോടാ എന്ന കേട്ടത് ഫാമ്പ്. അക്കളെ അത് നൊവ് കൊടുത്ത്ത്. ഫിന്നെ ജീവനാവ് ബോടാ എന്ത് ശൊല്ലിത്ത്. അക്കളെ കൊച്ചേ ഫിട്ത്ത് മിജാല് ആയി നിലാവ്കേക് മറെത്ത്. അയ് മിജാലിനെനെ കിട്ാടാലെ എന്ത് ഫാമ്പ് നിലാവ്ണാ ഫോയി ഫിടിത്തത്. ഇത്നെ ആണക്ക് ഒരു പ്രാവശ്യം ഫിടിക്കാത്.

ഈ കഥെ അയെട്ടി ഫോത്ത് അയെട്ടി ഇച്ചെട്ടി വന്ത്ത്.

## ആദിവാസിപ്പാട്ടുകൾ

### മുള്ളക്കുറുമരുടെ പാട്ടുകൾ

### നെല്ല് 1

ഒരുപിടി വിത്ത് വാരിയെറിഞ്ഞ്
കോരി വിളഞ്ഞ കാലം
ഒരു മുള വെട്ടി എമ്പതു ചീന്ത്
വേലി വളച്ചുംകെട്ടി
പൈവത പൂക്കി വേലി തകർത്തു
നെല്ലത തിന്നുംകാലം
പൈവിനെ പിടിച്ചി തോണീലാക്കി
രാവണ നാട്ടില് കൊണ്ടു ചെന്ന്
ഏട്ടനൊരു കപ്പൊഴിക്ക്
അനിയനൊരു കപ്പൊഴിക്ക്
പുത്തൻ കപ്പൽ ഓടിപ്പൊ
പഴയകപ്പൽ നിപ്പപ്പേ
ആടിയോടി വന്ന കപ്പൽ
എന്തെല്ലാം ചരക്കുണ്ട്
അക്ക് ചുക്ക് ചുക്കടക്ക
അടക്ക കത്രി കരണ്ടകം
ചെമ്പരുന്ത് ലൂല് വലിച്ച്
പച്ച കുപ്പിടി കണ്ണാടി

ആറ്റുവില്ല് അരങ്ങവില്ല്
പുതിയ ചെപ്പടി കണ്ണാടി
പച്ച കുപ്പിടി തെച്ചൊടിച്ച്
വിസ്തരിച്ച കാലം

## നെല്ല് 2

പുതുമഴ പെയ്ത് ഉഴുത് പിടിച്ച്
പുഞ്ച വിതച്ച കാലം
കനിവിനിയെന്നൊരു നെല്ലും വിതച്ച്
മേനാക്കിയായൊരു നെല്ല വിളഞ്ഞ്
മേനാക്കിയൊന്നൊരു നെല്ല ചതിക്കാൻ
കാറുകൊണ്ടുണ്ടായ മഴയും തുടങ്ങി
കാറുകൊണ്ടുണ്ടായ മഴയെ ചതിക്കാൻ
പുൽകൊണ്ടു മേഞ്ഞൊരു പുരയും ചമഞ്ഞു
പുൽകൊണ്ടു മേഞ്ഞൊരു പുരനെ ചതിക്കാൻ
കാട്ടിൽ കരിംചെതല് ചാഞ്ഞും ചമഞ്ഞു
കാട്ടിൽ കരിംചെതലിനെ ചതിക്കാൻ
വീട്ടിൽ കരിങ്കോഴി താനുംചമഞ്ഞു
വീട്ടിൽ കരിങ്കോഴിതന്നെ ചതിക്കാൻ
കാട്ടിൽ കുറുനരിതാനും ചമഞ്ഞു
കാട്ടിൽ കുറുനരിതന്നെ ചതിക്കാൻ
കൊല്ലൻറെ കൊട്ടിലിൽ തോക്കകും ചമഞ്ഞു
കൊല്ലൻറെ കൊട്ടിലിൽ തോക്കും ചതിക്കാൻ
കാറുകൊണ്ടുള്ള മഴയും ചമഞ്ഞു
ചൊക്ക ചൊക്ക നീയെടാ
കുറുക്കൻ വേട നക്കട
കുറുക്കൻ വേട നക്കുല ഞാൻ
കോലായിമേ കെടന്നൊറങ്ങേയുള്ളൂ
ചെട്ടി ചെട്ടി നീയെടാ
പുള്ളീ നാട്ടി കുത്തെടാ
പുള്ളിയാട്ടി കുത്തുല ഞാൻ
തോക്കും ചാരി നടക്കെയുള്ളൂ
അങ്ങനെ പറഞ്ഞു നടക്കുന്ന ചെട്ടീനെ
എന്തു പറഞ്ഞു ചതിക്കേണ്ടു

# പണിയപ്പാട്ടുകൾ 1



ബാഹുബലി റ്റു കമ്മഫേണവുളിച്ചേ
ക്വിസ് എഞ്ചു ചെയിച്ചക്ക മുത്തം കൊടുത്തെ
പിരക്കു പൊയി നോക്കുത്തക്ക നാഗകന്യകെ,
നാഗകന്യകയും വെണ്ട ചന്ദനമഴയും വെണ്ട
പരസ്പരവും വെണ്ട എഞ്ചലവത്തമ്മ
കറുത്തമുത്തേ നമുക്കു പോക പോക
ചാച്ചമ്മ ചാച്ചമ്മ ഊഹ ഊഹ (2)
അത്തിന ഊ അയിത്തെ സാമി അത്തിന കായയിത്തെ(2)
ഞാനും വരട്ടെ ഞാനും വരട്ടെ നിങ്ങളെക്കുടെ കോരിക്കളിപ്പ
പോരു പുന്നാരെ പോരു പുന്നാരെ എങ്കളെ അപ്പറെ കോരി കളിപ്പ
തന്തിനം തനിനം തനോ തനിനം തനിനനോ
തനിനം തനിനം തന്നോ തന്നോ തനിനം തനിനാനോ
സോറ്റു മുണ്ടു ഉടുത്തു വന്ത വെളുത്ത മൊട്ടത്തി
സൊറ്റുമുണ്ടു ഉടുത്തു വന്ത വെളുത്ത മൊട്ടത്തി
ഈങ്കേരുക്ക കടന്തു വന്തമ്മ ആ... ആ...
നാങ്കരുക്ക കണ്ടണ്ടു പോട്ടെ....
അക്കരയും തേടു ഇക്കരയും തേടു
പല എണ്ണെ കടപ്പോ
ചവുട്ടി പൊട്ടിച്ചു കടപ്പോ
പുളനെ എന്നെ തോക്കുവെ

നള്ളി കിരഴിച്ച തോക്കവെ
കുമ്പള കണ്ടിലി കുറുക്കെ
വെള്ളരി കണ്ടിലി വെളുക്കെവ
എഞ്ച വരുത്ത കോഴിണ
കുറുക്കെ പുടി പുടി
മുറിച്ചട്ട നാരങ്ങെ അച്ചറുട്ട നാരങ്ങെ (ഇയ ഹ്രയ്)
ലാലോ ലാലോ ലലിലല്ലേ
ലല്ലോ ലാലിലല്ലേ ലല്ലല്ലേ ലല്ലേ ലല്ലോ
തന്തനേ തന്തനേ തന്തനേ നനോ
തന്തനനോ ട്ടട്ട ആ.... ആ......(2)
അളിയന്ത മച്ചക്ക വന്തെരു വന്തൊരു
തടിയ പൂവനേ കെഞ്ചെരു കെഞ്ചെരു(2)
അത്തിരി പൂത്തിരി കമ്പിതിരി
കോമ്പിമകള്ള കമ്പിതിരി
ചിന്തനട്ട ചത്താണ്ടുപോയള്ള
അയയൊ.. അയയായയൊ.. ..

## പണിയപ്പാട്ടുകൾ 2

കുംഭമാസവന്തക്ക കുമ്മെപറിപ്പാപോയെ
മീനമാസ വന്തക്ക മീനുപുടിപ്പപോയെ
ഞാണ്ടുമാസ വന്തക്ക ഞാണ്ടുപുടിപ്പപോയെ
എടമെ ഉട്ടെ ഉട്ടെ ഉട്ടെ
അടിപ്പിലി ഉട്ടെ ഉട്ടെ ഉട്ടെ
ചിക്കിനോക്കു ചിന്നക്കി നോക്കു(2)
വൊട്ടിവെച്ചകുമ്പളത്തുമ്പെ ഈച്ചെ പറിഞ്ചൊ
കോ കോ കോത്തങ്ങെ പല്ല പുളിയെ നാരങ്ങെ
ഇഞ്ചി കട്ടിലി പോയൊമാ
ഇഞ്ചിമുറായി നിജമാ
ചോള കട്ടിലി പോയെമാ
ചോളപൊരി നിജമാ
ചറപറ ചറ പൂടിച്ച കുഴലാ
കുഴലെങ്കെന്ത ഫിഗറുവാ
തുടിയും പോര കുഴലും പോര
അറവന്താ മൊട്ടമ്മാര
തുടി ഓട്ടും പോര

കണ്ടോയ് കണ്ടോയ്
മൊടത്തിമാരോ  കണ്ടോയ്
മുല്ലയും നല്ല മുല്ലപൂവും നല്ല
മുല്ലപ്പൂവു ചൂടാത്ത മൊട്ടത്തിയും നല്ല
മഞ്ചക്കണ്ടിലി മായങ്കി വിന്തെ വിന്തെ
കുമ്പളകണ്ടിലി കുമ്പിട്ടു വിന്തെ വിന്തെ
 അച്ചി അച്ചി ഞാനും വഞ്ചെ  ഞെണ്ടു പുടിപ്പ
എന്നകൂടെ വരണ്ട മാമനെ കൂടെ പോയിക്കോ
അച്ചി അച്ചി ഞാനും വജെ ചേമ്പു കിളപ്പ
എന്നകൂടെ വരണ്ട മാമനെകൂടെ പോയിക്കോ
ചഞ്ച് കൈ അടക്ക ചറപറ വെച്ചിലെ (2)
ചക്കയുട്ടു ഞാണ്ടും കറി മാങ്ങയുട്ടു മീനകറി(2)
ദൂരി ദൂരി നമ്മ നല്ല മക്ക സന്തോഷ(2)
ചെമ്പരത്തിപൂവും തലയിൽചൂടി നല്ല
നല്ല മൊട്ടമ്മാരെ കാണും
വെച്ചു ഇഞ്ചോ നാളെയോ കടത്തുക്കവോ നങ്ക(2)
ഒലല്ലെ ലല്ല ല്ലല ലല്ലെ
അക്കരെ കുഞ്ച്മ്പെ കരി മരത്തുമ്പെ
കരികുരങ്കുനാ വല്യ കണ്ടെ
കിരയണ്ട ചൂച്ചി കിരയണ്ട
കുരങ്കുനാ വല്യ മുറിച്ചു തരാം
കണ്ടെമ ചുണ്ടെ നെഞ്ചുമ്പൊകായു
കണ്ടെമ ചുണ്ടെ നെഞ്ചുമ്പെ കായു(2)
ഐത്തപപ്പടം ഐത്തപപ്പടം അമ്മിണിക്കെ(2)
മുട്ടക്കമുറിടെ മുണ്ടും ചിച്ചി താളുരു പണിച്ചിന
താളുകുണ്ടെപോലെ
ചിങ്ങ്ഹേരി പണിച്ചിന ചിങ്ങതടൊപോലെ
അടിപ്പോളികോരി കളിത്തമ മൊടത്തിയെ
അടിപ്പൊളി കളികളിത്തമിരത്തിയെ
വരിത്തവരിത്ത മൊട്ടമ്മാരെ വരിത്ത മൊടത്തിമരെ
കാട്ടി തരകൊട്ടി ക്കോഴിത്ത
പൊട്ടിക്കണി കുമ്പറത്തി തിയമി
തത്തമ്മ തീയടെ വെച്ചു കഞ്ചു
നീയിങ്കു വാത്തമ്മ കോലുക്കു പോയക്ക
കൊടുത്ത വാതെനിയിങ്കുമുമ്പിലിവത്തമ്മ

അപ്പെങ്കു വെച്ച കഞ്ഞിന വോള്ള
കളി പിരന്തത്തി കുടിച്ചണ്ടു പോട്ടള്ളു
അറ നെട്ടിച്ചു കാവെ കുത്തി നെട്ടിച്ചു കാവെ(2)